2024
JULY
12
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## പകർച്ചവ്യാധി ബാധിച്ച് 3 മരണം; 6 പേർക്ക് കൂടി കോളറ

### ഉറവിടം കണ്ടെത്താനാകാതെ ആരോഗ്യവകുപ്പ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്ന് മൂന്നു പേർ പകർച്ചവ്യാധി ബാധിച്ചു മരിച്ചു. എലിപ്പനി ബാധിച്ചാണ് രണ്ടു പേർ മരിച്ചത്. മഞ്ഞപ്പിത്തം ബാധിച്ചാണ് ഒരാൾ മരിച്ചത്. 13000ൽ അധികം പേർക്കാണ് ഇന്ന് പനി ബാധിച്ചത്. 145 പേർക്ക് ഡെങ്കിപ്പനിയും പത്തു പേർക്ക് എലിപ്പനിയും സ്ഥിരീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആറു പേർക്കുകൂടി കോളറ സ്ഥിരീകരിച്ചു.



നെയ്യാറ്റിൻകര തവരവിളയിലെ കാരുണ്യ മിഷൻ ചാരിറ്റബിൾ സ്കൂൾ സൊസൈറ്റിയുടെ ഹോസ്റ്റലിലെ കൂടുതൽ പേർക്കു കോളറ ബാധ സ്ഥിരീകരിച്ചിട്ടും രോഗത്തിന്റെ ഉറവിടം ഇതുവരെയും ആരോഗ്യവകുപ്പിന് കണ്ടെത്താനായിട്ടില്ല. ഭിന്നശേഷിക്കാർക്കുള്ള ഈ സ്ഥാപനത്തിൽ 64 പേരാണ് താമസിച്ചിരുന്നത്. 14 പേരെ രോഗലക്ഷണങ്ങളോടെ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ മൂന്നു പേർക്കാണ് കോളറ സ്ഥിരീകരിച്ചത്. വീടുകളിലേക്കു മാറ്റിയ അഞ്ച് അന്തേവാസികൾക്കും രോഗലക്ഷണങ്ങൾ ഉണ്ടെന്നാണ് റിപ്പോർട്ട്.

ഇവരെ ഐരാണിമുട്ടത്തെ ആശുപത്രിയിലാണ് പ്രവേശിപ്പിച്ചിരിക്കുന്നത്. കിണറ്റിൽനിന്നും കുഴൽകിണറിൽനിന്നുമാണ് സ്ഥാപനത്തിൽ വെള്ളം ഉപയോഗിച്ചിരുന്നത്. വെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനാൽ അതുവഴി പടരാൻ സാധ്യതയില്ലെന്നാണ് ജീവനക്കാർ പറയുന്നത്. ആരോഗ്യവകുപ്പ് വെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും സാംപിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ ഫലം വന്നാൽ മാത്രമേ രോഗത്തിന്റെ ഉറവിടം സ്ഥിരീകരിക്കാൻ കഴിയൂ.

മെഡിക്കൽ കോളജ് ആശുപത്രിയിലും നിരീക്ഷണ കേന്ദ്രത്തിലുമായി കഴിയുന്നവരുടെ ആരോഗ്യനില തൃപ്തികരമാണെന്നു ജില്ല മെഡിക്കൽ ഓഫിസർ അറിയിച്ചു. മെഡിക്കൽ കോളജ്, എസ്എടി ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരുടെ നിലയിൽ പുരോഗതിയുണ്ട്.

ഹോസ്റ്റലിലെ അന്തേവാസിയായ വിതുര തൊളിക്കോട് മലയടി മുളമൂട്ടിൽ വീട്ടിൽ അനു (26) ഛർദിയും വയറിളക്കവും ബാധിച്ചു വെള്ളിയാഴ്ച മരിച്ചിരുന്നു. തുടർന്ന് എസ്എടിയിൽ പ്രവേശിപ്പിച്ച 10 വയസുകാരനിലാണ് ആദ്യം കോളറ കണ്ടെത്തിയത്. സൊസൈറ്റി ഹോസ്റ്റലിൽ ആരോഗ്യ വകുപ്പിന്റെ സംഘമെത്തി ക്ലോറിനേഷൻ നടത്തി.

പൊട്ടിക്കിടന്ന ശുചിമുറി അറ്റകുറ്റപ്പണി നടത്താനും മീൻകുളം വൃത്തിയാക്കാനും നിർദേശം നൽകി. ഹോസ്റ്റലിൽ ആദ്യമായാണു രോഗബാധ ഉണ്ടാകുന്നതെന്ന് പ്രിൻസിപ്പൽ പറഞ്ഞു.



## വിഴിഞ്ഞം തുറമുഖം ട്രയൽ റൺ; ഔദ്യോഗിക ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖ ട്രയൽ റണ്ണിൻറെ ഔദ്യോഗിക ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. രാവിലെ പത്തിന്

വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ സാൻ ഫ!ർണാണ്ടോ കപ്പലിനെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിക്കും.

കേന്ദ്ര ഷിപ്പിംഗ് മന്ത്രി സർബാനന്ദ സോനോവാൾ ചടങ്ങിൽ മുഖ്യാതിഥിയാകും. ഓദ്യോഗിക ചടങ്ങിന് ശേഷം ബാക്കി കണ്ടെയ്നറുകൾ ഇറക്കി സാൻ ഫെർണാണ്ടോ വൈകുന്നേരത്തോടെ വിഴിഞ്ഞം തീരം വിടും.

പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാത്തതിൽ പ്രതിഷേധമുണ്ടെങ്കിലും യുഡിഎഫ് ചടങ്ങ് ബഹിഷ്കരിക്കില്ല. പദ്ധതി ഉമ്മൻചാണ്ടിക്ക് സമർപ്പിച്ചുകൊണ്ട് ജില്ലാകേന്ദ്രങ്ങളിൽ പ്രകടനം നടത്തും.

എന്നാൽ പുനരധിവാസ പാക്കേജ് ഇടതുസർക്കാർ നടപ്പാക്കിയില്ലെന്ന് ആരോപിച്ച് ശശി തരൂർ എംപി ചടങ്ങിൽ പങ്കെടുക്കില്ല.

ഓദ്യോഗിക ക്ഷണമില്ലെന്ന് ചൂണ്ടിക്കാട്ടി ലത്തീൻ അതിരൂപതാ പ്രതിനിധികളും ചടങ്ങൽ പങ്കെടുക്കില്ല.

## പണമില്ല: പദ്ധതികൾ വെട്ടിച്ചുരുക്കാനൊരുങ്ങി സർക്കാർ

**തിരുവനന്തപുരം:** സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പദ്ധതി വിഹിതം വെട്ടിച്ചുരുക്കാനുള്ള നടപടിയുമായി സർക്കാർ. നടപ്പ് പദ്ധതികൾക്ക് ഇനി മുതൽ മുൻഗണനാ ക്രമം നിശ്ചയിക്കും. ഇതിനായി ഏഴ് മന്ത്രിമാർ ഉൾപ്പെട്ട ഉപസമിതിയെ തീരുമാനിച്ചു.

ഇനിമുതൽ പദ്ധതി തുക ചെലവഴിക്കുന്നതിൽ തീരുമാനമെടുക്കുന്നത് മന്ത്രിസഭ ഉപസമിതിയാകും. വിവിധ വകുപ്പ് സെക്രട്ടറിമാരുടെ ശിപാർശ പരിശോധിച്ച് ഉപസമിതി മുൻഗണന നിശ്ചയിക്കും. നടപ്പു പദ്ധതികൾക്ക് പണം അനുവദിക്കുന്നതിലും ഈ മുൻഗണനാക്രമം ബാധകമാകും.

നികുതിയിതര വരുമാന വർധനവുണ്ടാക്കാനും മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്.

## പ്ലസ്ടു: മലപ്പുറത്തും കാസർഗോട്ടും 138 അധിക ബാച്ചുകൾ അനുവദിച്ചു

**തിരുവനന്തപുരം:** പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കുന്നതിനായി അധിക ബാച്ചുകൾ അനുവദിച്ച് സംസ്ഥാന സർക്കാർ ഉത്തരവായി. സംസ്ഥാനത്തെ 202425 അധ്യയന വർഷത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് ഉൾപ്പെടെയുള്ള മുഖ്യ അലോട്ട്മെൻറുകൾ കഴിഞ്ഞപ്പോഴും പ്രവേശനം ലഭിക്കാത്ത മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിദ്യാർഥികളുടെ പ്ലസ് വൺ പ്രവേശനത്തിനായാണ് ആ ജില്ലകളിൽ താത്കാലിക അധിക ബാച്ചുകൾ അനുവദിച്ചത്.



മലപ്പുറം ജില്ലയിൽ 120 അധിക ബാച്ചുകളും കാസർഗോഡ് ജില്ലയിൽ 18 സ്കൂളുകളിൽ 18 താൽക്കാലിക ബാച്ചും അനുവദിച്ചു. താൽക്കാലിക ബാച്ച് അനുവദിക്കുന്നതിൽ സർക്കാരിന് 14 കോടിയുടെ അധിക ബാധ്യതയുണ്ട്. മലപ്പുറത്ത് ഹ്യുമാനിറ്റീസ് കോമ്പിനേഷനിൽ 59 ബാച്ചുകളാണ് അധികമായി അനുവദിച്ചിരിക്കുന്നത്. കൊമേഴ്സ് കോമ്പിനേഷനിൽ 61 ബാച്ചുകളും അനുവദിച്ചു. കാസർഗോഡ് ഒരു സയൻസ് ബാച്ചും 4 ഹ്യുമാനിറ്റീസ് ബാച്ചുകളും 13 കൊമേഴ്സ് ബാച്ചുകളും അനുവദിച്ചു. ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിന് ലഭിച്ച അപേക്ഷകളും ലഭ്യമായ സീറ്റുകളും വിലയിരുത്തിയതിൻറെ അടിസ്ഥാനത്തിൽ മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിവിധ താലൂക്കുകളിൽ താൽക്കാലിക അധിക ബാച്ചുകൾ അടിയന്തിരമായി അനുവദിക്കുന്നത് ഉചിതമാണെന്ന് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. സീറ്റുകളുടെ കുറവ് പരിഹരിക്കാൻ ജില്ലയിലെ സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതിൽ 74 സ്കൂളുകളിൽ സൗകര്യം ഉണ്ടെന്നു കണ്ടെത്തി. പുതിയ താൽക്കാലിക ബാച്ച് അനുവദിക്കുന്ന കാര്യത്തിൽ ഗവ. വിദ്യാലയങ്ങൾ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. അതേസമയം ഇത്രയും ബാച്ചുകൾ അനുവദിച്ചതിൽ പ്രശ്നം പരിഹരിക്കാൻ ആകില്ലെന്ന് കുഞ്ഞാലിക്കുട്ടി പറഞ്ഞു.

അഡ്മിഷൻ തുടരുന്നു...

2024-2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

# ഓൺലൈൻ ജപ്പാൻ ഭാഷാ ക്ലാസുകൾ ജൂലൈ 22ന് തുടങ്ങും

**കൊച്ചി:** കളമശ്ശേരിയിലെ എ എസ് എ കേരളയുടെ നിപ്പോൺ കേരള സെന്ററിന്റെ ജപ്പാൻ ഭാഷാ ഓൺലൈൻ ക്ലാസുകൾ ജൂലൈ 22ന് ആരംഭിക്കും. തിങ്കൾ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് ആറുമുതൽ എട്ടുവരെയാണ് ബേസിക് കോഴ്സിന്റെ ഓൺലൈൻ ക്ലാസ്സുകൾ നടക്കുക. ഇന്റർമീഡിയറ്റ് കോഴ്സിന്റെ ക്ലാസുകൾ ചൊവ്വ, വ്യാഴം ദിവസങ്ങളിലും നടക്കും.

അഞ്ചു മാസം 100 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ ചേരാൻ പ്രായപരിധിയില്ല. ജപ്പാനിൽ പരിശീലനം നേടിയ സൊസൈറ്റി അംഗങ്ങളാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നുത്. ജാപ്പനീസ് സംഭാഷണം, എഴുത്ത്, വായന എന്നിവയിൽ പരിശീലനം നൽകുന്നു. ജപ്പാനിൽ തന്നെ രൂപപ്പെടുത്തിയ നവീനാധ്യാപനരീതിയും ഓഡിയോ പഠന സഹായികളുമാണ് കോഴ്സിൽ ഉപയോഗപ്പെടുത്തുന്നത്.ടോക്കിയോയിലെ ജപ്പാൻ ഫൗണ്ടേഷൻ എല്ലാ വർഷവും ചെന്നൈയിൽ സംഘടിപ്പിക്കുന്ന ജാപ്പനീസ് ലാംഗ്വേജ് പ്രൊഫിഷ്യൻസി ടെസ്റ്റിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകും. കമ്പനി ഉദ്യോഗസ്ഥർ, സോഫ്റ്റ്‌വെയർ എൻജിനീയർമാർ, ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർ, സർവകലാശാല വിദ്യാർഥികൾ എന്നിവർക്കാണ് മുൻഗണന. താത്പര്യമുള്ള വീട്ടമ്മമാർക്കും ഒഴിവു സമയ വിദ്യാഭ്യാസമെന്ന നിലയിൽ കോഴ്സിൽ ചേരാവുന്നതാണ്. ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഫീസ് ഇളവ് ലഭിക്കും.ജപ്പാനിൽ വിദഗ്ധ പരിശീലനം നേടിയ എൻജിനീയർമാർ, മാനേജർമാർ, ചെറുകിടഇടത്തരം വ്യവസായികൾ എന്നിവരുടെ സന്നദ്ധ സേവന സംഘടനയാണ് എ എസ് എ കേരള. ഈ സ്ഥാപനത്തിന്റെ പരിശീലന കേന്ദ്രമാണ് നിപ്പോൺ കേരളാ സെന്റർ. രജിസ്ട്രേഷൻ ചെയ്യാൻ മമിെശുെീസ ല്യമഹമ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ 75580 81097 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

# വേനൽക്കാലത്ത് എസി ഉപയോഗം ഇരട്ടിയിലേറെ വർധിച്ചു

**കൊച്ചി:** ഇന്ത്യൻ വീടുകളിലെ എസി ഉപയോഗത്തെ കുറിച്ചുള്ള  കണ്ടെത്തലുകൾ പുറത്തുവിട്ട് ഗോദ്റെജ് ആൻഡ് ബോയ്സിൻറെ ബിസിനസ് യൂണിറ്റായ ഗോദ്റെജ് അപ്ലയൻസസ്. ടവൻറിഫൈ ഇന്ത്യയുമായി സഹകരിച്ച് ഇന്ത്യൻ വീടുകളിലെ എസി ഉപയോഗം എന്നതിനെ കുറിച്ച് സംഘടിപ്പിച്ച ഉപഭോക്തൃ സർവേയെ അടിസ്ഥാനമാക്കിയുള്ള കണ്ടെത്തലുകളാണ് പുറത്തുവിട്ടത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വേനൽക്കാലത്ത് എസി ഉപയോഗം ഇരട്ടിയിലേറെ വർധിച്ചതായി സർവേയോട് പ്രതികരിച്ച 50%ത്തിലധികം പേർ പറഞ്ഞു. എസി ഉപയോഗം 1.5 മടങ്ങ് കൂടിയെന്നായിരുന്നു 90% പേരുടെ വെളിപ്പെടുത്തൽ ..എസി ബിസിനസ് കഴിഞ്ഞ വേനൽക്കാലത്തെ അപേക്ഷിച്ച് ഈ വർഷം ഇന്ത്യയിൽ 1.5 മടങ്ങ് വളർന്നുവെന്നും, ഏതാണ്ട് 2 മടങ്ങ് വളർച്ചക്ക് തങ്ങൾ സാക്ഷ്യം വഹിച്ചെന്നും ഗോദ്റെജ് അപ്ലയൻസസിൻറെ ബിസിനസ് ഹെഡും എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ കമൽ നന്ദി പറഞ്ഞു.

# മോട്ടോ ജി85 5ജി പുറത്തിറക്കി




**കൊച്ചി:** മോട്ടോ ജി85 5ജി പുറത്തിറക്കി മോട്ടോറോള. 3ഡി കർവ്ഡ്, എൻഡ്‌ലസ് എഡ്ജ് ഡിസ്‌പ്ലേയുള്ള ആദ്യത്തെ മോട്ടോ ജി സീരീസ് ഫോണാണ്. 120ഹേർട്സ് പിഒഎൽഇഡി ഡിസ്‌പ്ലേ, ഗോറില്ല ഗ്ലാസ് 5, സോണി സെൻസറോട് കൂടിയ ഷെയ്ക്ക് ഫ്രീ 50എംപി ക്യാമറ, ഡോൾബി ഡ്യുവൽ സ്പീക്കറുകൾ എന്നിവയുണ്ട്. കനവും(7.59എംഎം) ഭാരവും (172ഗ്രാം) കുറഞ്ഞതും പ്രീമിയം രൂപകൽപ്പനയും സെഗ്‌മെന്റിലെ ഏറ്റവും മികച്ച 12ജിബി റാം + 256ജിബി സ്റ്റോറേജുമുണ്ട്.ഒലിവ് ഗ്രീൻ, കൊബാൾട്ട് ബ്ലൂ (വീഗൻ ലെതർ), അർബൻ ഗ്രേ (അക്രിലിക് ഗ്ലാസ്) എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമായ മോട്ടോ ജി85 8+128ജിബി വേരിയന്റിനു 17,999 രൂപയും 12+256ജിബിക്ക് 19,999 രൂപയുമാണ് ലോഞ്ച് വില. ഫ്ലിപ്കാർട്ട്, മോട്ടോറോള.ഇൻ എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും ജൂലൈ 16ന് ഉച്ചക്ക് 12 മണി മുതൽ  വിൽപ്പനയ്ക്കെത്തും. ബാങ്ക്, എക്സ്ചേഞ്ച്, നോ കോസ്റ്റ് ഇഎംഐ ഓഫറുകളും ലഭ്യമാണ്.




# അലി മണിക്ഫാന് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയടെ ആദരം

**കൊച്ചി:** എൺപത്തിയാറാം വയസ്സിലും അറിവ് നേടാനുള്ള അടങ്ങാത്ത ആവേശമാണ് തന്നെ മുന്നോട്ട് നയിക്കുന്നതെന്ന് പത്മശ്രീ ജേതാവ് അലി മണിക്ഫാൻ. പ്രകൃതിയെ നിരീക്ഷിക്കാനും അവക്ക് പിന്നിലെ ശാസ്ത്രസത്യങ്ങൾ അറിയാൻ ശ്രമിച്ചതുമാണ് തന്റെ ജീവിതത്തെ മാറ്റിമറിച്ചതെന്ന് സമുദ്രശാസ്ത്രം, ഗോളശാസ്ത്രം, കപ്പൽനിർമാണം, പരിസ്തിഥി ശാസ്ത്രം തുടങ്ങി നിരവധി മേഖലകളിൽ വൈദഗ്ധ്യമുള്ള മണിക്ഫാൻ പറഞ്ഞു.സമുദ്രമത്സ്യമേഖലയിലെ ഗവേഷകരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എംബിഎഐ) ഓണററി ഫെല്ലോഷിപ്പ് സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ചടങ്ങിൽ അറിവന്വേഷണത്തിന്റെ സഞ്ചാരവഴികൾ മണിക്ഫാൻ സദസ്യരുമായി പങ്കുവെച്ചു.

പല ശാസ്ത്രീയ അറിവുകളും നേടാൻ സഹായകരമായത് സ്വന്തം ജീവിതാനുഭവങ്ങളാണ്. ലക്ഷദ്വീപിലെ പ്രത്യേക സഹാചര്യങ്ങളെ അതിജീവിക്കാനുള്ള വഴിയെന്ന നിലക്കാണ് ആദ്യകാലത്ത് ശാസ്ത്രത്തിന്റെ സാധ്യതകൾ മനസ്സിലാക്കാൻ തുനിഞ്ഞത്. പിന്നീട് അതൊരു ആവേശമായി മാറി. ആദ്യകാലത്ത് മിനിക്കോയ് ദ്വീപിലെ ലൈറ്റ് ഹൗസ് സൂക്ഷിപ്പുകാരന്റെ സഹായിയായിരുന്നു.

കൺമുന്നിലുള്ള കടലിനെ കുറിച്ചും മീനുകളെ കുറിച്ചും അറിയേണ്ടത് അനിവാര്യമാണെന്ന് തോന്നി. കൃഷി, ജ്യോതിശാസ്ത്രം, ഷിപ് ബിൽഡിംഗ് എഞ്ചിനീയറിംഗ് തുടങ്ങി നിരവധി മേഖലകളിലേക്ക് വഴിനടത്തിയത് അറിവിനോടുള്ള ഈ ആവേശമായിരുന്നുവെന്ന് സിഎംഎഫ്ആർഐയിലെ മുൻ ജീവനക്കാരൻ കൂടിയായ മണിക്ഫാൻ പറഞ്ഞു.പതിവായി കടലിൽ നീന്താറുണ്ടായിരുന്ന അദ്ദേഹം നീന്തലിനിടയിലൊരിക്കൽ സിഎംഎഫ്ആർഐയിലെ ശാസ്ത്രസംഘത്തെ യാദൃശ്ചികമായി കണ്ടുമുട്ടിയതാണ്  മണിക്ഫാന് സിഎംഎഫ്ആർഐയിലേക്കുള്ള വഴിതുറന്നത്. അക്കാലത്ത് അദ്ദേഹം ഒരു പുതിയ മീനിനെ കണ്ടെത്തുകയും അബുദഫ്ദഫ് മണിക്ഫാനി എന്ന് മീനിന് പേര് നൽകുകയും ചെയ്തു.

പതിനാല് ഭാഷകളിൽ പ്രാവീണ്യമുണ്ട്. 2021ൽ രാജ്യം പത്മശ്രീ നൽകി അലി മണിക്ഫാനെ ആദരിച്ചു.

സിഎംഎഫ്ആർഐയിൽ നടന്ന അനുമോദന ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടറും എംബിഎഐ പ്രസിഡണ്ടുമായ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ എൻ ജി കെ പിള്ള, ഡോ പി എം അബൂബക്കർ, ഡോ കെ കെ സി നായർ, ഡോ രേഖ ജെ നായർ, ഡോ ഗ്രിൻസൻ ജോർജ് എന്നിവർ പ്രസംഗിച്ചു.

# കേരള സോപ്സിന്റെ ചന്ദന സുഗന്ധം ഇനി അറേബ്യൻ നാടുകളിലേക്കും

**കൊച്ചി:** സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ(കെഎസ്ഐഇ) യൂണിറ്റായ കേരളാ സോപ്പ്സ് നിർമ്മിക്കുന്ന പ്രീമിയം ഉത്പന്നങ്ങൾ ഗൾഫ് രാജ്യങ്ങളിലേക്ക് നടത്തുന്ന കയറ്റുമതിയുടെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 13ന് എറണാകുളത്തെ ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി  പി രാജീവ് നിർവഹിക്കും. ഇതിനു പുറമെ കേരള സോപ്സ് വിപണിയിലിറക്കുന്ന പുതിയ ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനവും മന്ത്രി നടത്തും. കേരള സോപ്സിന്റെ പ്രീമിയം ഉത്പന്നങ്ങളുടെ സാന്നിധ്യം ആഗോള വിപണിയിൽ ശക്തമാക്കുന്നതിനോടനുബന്ധിച്ചാണ് പുതിയ നീക്കമെന്ന് കെഎസ്ഐഇ ചെയർമാൻ  ചെയർമാൻ പീലിപ്പോസ് തോമസ്, മാനേജിങ് ഡയറക്ടർ ജി രാജീവ് എന്നിവർ അറിയിച്ചു.  പുതിയ ഉത്പന്നങ്ങളായ കേരള സാൻഡൽ  ശ്രേണിയിൽ പെട്ട   ലിക്വിഡ് ഹാൻഡ് വാഷ്, വാഷ് വെൽ ഡിറ്റർജന്റ് , ക്ലീൻവെൽ ഫ്ളോർ ക്ലീനർ, ഷൈൻവെൽ ഡിഷ് വാഷ്" കൂടാതെ പുതിയ ടോയ്‌ലറ്റ് സോപ്പുകളായ "കോഹിനൂർ സാൻഡൽ ടർമെറിക്  , ത്രിൽ ലാവെൻഡർ", "ത്രിൽ റോസ്", "ത്രിൽ വൈറ്റ്" എന്നിവയുടെ വിതരണോദ്ഘാടനവുമാണ് നടത്തുന്നത്.ഗുണനിലവാരത്തിലും നൂതനത്വത്തിലും പ്രതിബദ്ധതക്കും  പേരുകേട്ട കേരള സോപ്സിന്റെ  പുതിയ ഉൽപ്പന്നങ്ങളുടെ സമാരംഭവും ജിസിസി രാജ്യങ്ങളിലേക്കുള്ള കയറ്റുമതി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതും പ്രഖ്യാപിക്കുന്നതിൽ അഭിമാനമുണ്ടെന്ന് പീലിപ്പോസ് തോമസ് അറിയിച്ചു. ആഗോള വിപണിയിൽ സാന്നിധ്യം ശക്തമാക്കുന്നതിനുള്ള  സംരംഭം കമ്പനിയെ സംബന്ധിച്ചിടത്തോളം സുപ്രധാന നാഴികക്കല്ലാണെന്ന് മാനേജിങ് ഡയറക്ടർ ജി രാജീവ് പറഞ്ഞു.1914 ൽ ബ്രിട്ടീഷുകാർ സ്ഥാപിച്ച കേരളാ സോപ്പ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇന്നത്തെ കേരളാ സോപ്സിന്റെ മാതൃ സ്ഥാപനം. അന്ന് ഏഷ്യയിലെതന്നെ ഏറ്റവും വലിയ സോപ്പ് നിർമ്മാണ പരിശീലന യൂണിറ്റായിരുന്നു ഇത്. ഇവിടെ നിർമ്മിക്കുന്ന സോപ്പുകൾ ജനപ്രിയമാകുകയും രാജ്യത്തെ വൈസ്രോയി അടക്കമുള്ള പ്രമുഖർക്ക്  വിതരണം നടത്തുകയും ചെയ്തിരുന്നു. വിവിധ കാരണങ്ങളാൽ നിർജ്ജീവമായ കമ്പനി 2010 ലാണ് കെഎസ്ഐഇ യുടെ നേതൃത്വത്തിൽ കോഴിക്കോട്  വെള്ളയിൽ അത്യാധുനിക യന്ത്രസജ്ജീകരണങ്ങളോടെ പുനരാരംഭിച്ചത്. ഇതിനായി പ്രതിവർഷം 12,000 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള അത്യാധുനിക ഓട്ടോമാറ്റിക്  യന്ത്രങ്ങളാണ് കമ്പനിയിൽ സജ്ജീകരിച്ചിരിക്കുന്നത്. പശ്ചിമ ഘട്ടത്തിലെ മറയൂർ ചന്ദനക്കാടുകളിൽ നിന്നുള്ള യഥാർത്ഥ ചന്ദന തൈലം ചേർത്താണ് കേരളാ സാൻഡൽ സോപ്പുകൾ നിർമ്മിക്കുന്നത്.ഇതോടൊപ്പം, സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള വൈവിധ്യവൽക്കരണ പരിപാടികളുടെ ഭാഗമായി സെമി ഓട്ടോമാറ്റിക് ലിക്വിഡ് ഫില്ലിംഗ് മെഷീൻ, സെമി ഓട്ടോമാറ്റിക് പൗച് സീലിംഗ് മെഷീൻ, ഓട്ടോമാറ്റിക് സാമ്പിൾ സോപ്പ് സ്റ്റാമ്പിങ് മെഷീൻ എന്നിവ ഫാക്ടറിയിൽ പുതുതായി സ്ഥാപിക്കുകയും വാണിജ്യ അടിസ്ഥാനത്തിലുള്ള ഉത്പാദനം ആരംഭിക്കുകയും ചെയ്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ദ്വിദിന രാജ്യാന്തര ജെൻ എഐ കോൺക്ലേവിന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** ഐടിയുടെയും സ്റ്റാർട്ടപ്പുകളുടെയും ഹബ്ബ് എന്ന നിലയിൽ എല്ലാ മേഖലകളിലും എഐ സാങ്കേതികവിദ്യ നടപ്പിലാക്കുന്നത് ജെൻ എഐയുടെ രാജ്യത്തെ സിരാകേന്ദ്രമായി മാറാൻ കേരളത്തെ സഹായിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആർട്ടിഫിഷ്യൽ ഇൻറലിജൻസി(എഐ)ൻറെ പരിവർത്തന സാധ്യതകളും സമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും അതിൻറെ സ്വാധീനവും ചർച്ചചെയ്യുന്ന രാജ്യാന്തര ജെനറേറ്റീവ് എഐ കോൺക്ലേവ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി .കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇൻറർനാഷണൽ കൺവെൻഷൻ സെൻററിൽ ദ്വിദിന സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത്. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം, ഐടി, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ എഐയെ സംയോജിപ്പിക്കുന്നത് സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയും ജീവിത നിലവാരം ഉയർത്തുകയും ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തെ രാജ്യത്തെ ജെൻ എഐ ഹബ്ബ് ആയി ഉയർത്തുന്നതിനുള്ള ചവിട്ടുപടിയാണ് ഈ കോൺക്ലേവ്. ജെൻ എഐ അതിവേഗം വികസിക്കുകയും ലോകത്താകെ വലിയ സാധ്യതകൾ തുറന്നിടുകയും ചെയ്യുന്ന അവസരത്തിലാണ് കേരളത്തിൽ കോൺക്ലേവ് നടക്കുന്നതെന്നത് ഇതിൻറെ പ്രാധാന്യം വർധിപ്പിക്കുന്നു. സംസ്ഥാനത്തിൻറെ പുതിയ വ്യാവസായിക നയത്തിൽ എഐ ഒരു പ്രധാന മേഖലയായി തിരിച്ചറിഞ്ഞിട്ടുണ്ട്. സമീപഭാവിയിൽ എഐ അടിസ്ഥാനമാക്കിയുള്ള കൂടുതൽ നിക്ഷേപങ്ങൾ സംസ്ഥാനത്ത് പ്രതീക്ഷിക്കുന്നു. സാധ്യമാകുന്ന എല്ലാ മേഖലകളിലും ഈ സാങ്കേതികവിദ്യ സജീവമായി പ്രയോജനപ്പെടുത്തണം.



സംസ്ഥാനത്തെ വന്യജീവി സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ മനുഷ്യജീവൻ രക്ഷിക്കാൻ എഐ അധിഷ്ഠിത ഓട്ടോമേറ്റഡ് മുന്നറിയിപ്പ് സംവിധാനങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്താനാകും. ജലസേചനം, കാർഷികോൽപ്പാദനം എന്നിവ മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതിയുടെയും വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളുടെയും സംരക്ഷണത്തിനും എഐ ഉപകരണങ്ങൾ ഫലപ്രദമായി വിന്യസിക്കാനാകുമെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസത്തിൽ എഐ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി എല്ലാ അധ്യാപകർക്കും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) പരിശീലനം നൽകിവരുന്നു. ഈ നേട്ടം കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് ഇത് ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.എല്ലാ മേഖലകളിലും അത്യാധുനിക സാങ്കേതികവിദ്യ സ്വീകരിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയായുള്ള കേരളത്തിൻറെ പരിവർത്തനത്തിന് ആക്കം കൂട്ടുകയാണ് ജെൻ എഐ കോൺക്ലേവ് ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. വിവിധ സാങ്കേതിക മേഖലകളിലെ വിദഗ്ധരും വിദ്യാർഥികളും ഉൾപ്പെടെ 4500 പ്രതിനിധികളാണ് രജിസ്റ്റർ ചെയ്ത് നേരിട്ടും ഓൺലൈനായും സമ്മേളനത്തിൽ പങ്കെടുക്കുന്നതെന്ന് ചടങ്ങിന് സ്വാഗതം ആശംസിച്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു.നോർക്ക റൂട്ട്സ് വൈസ് ചെയർമാനും ലുലു ഗ്രൂപ്പ് എംഡിയും ചെയർമാനുമായ എംഎ യൂസഫലി മുഖ്യാതിഥി ആയിരുന്നു. ഇലക്ട്രോണിക്സ് ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ, ഐബിഎം സോഫ്റ്റ് വെയർ പ്രൊഡക്ട്സ് സീനിയർ വൈസ് പ്രസിഡൻറ് ദിനേശ് നിർമ്മൽ തുടങ്ങിയവർ സംസാരിച്ചു.ഐടി മിഷൻ ഡയറക്ടർ അനുകുമാരി, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സജി ഗോപിനാഥ്, കുസാറ്റ് വൈസ് ചാൻസലർ പിജി ശങ്കരൻ, കെഎസ് യുഎം സിഇഒ അനൂപ് അംബിക തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.ഡെവലപ്പർമാർ, വ്യവസായ പ്രമുഖർ, സർവകലാശാലകൾ, വിദ്യാർഥികൾ, മാധ്യമങ്ങൾ, അനലിസ്റ്റുകൾ, സർക്കാർ ഉദ്യോഗസ്ഥർ, ഐബിഎമ്മിൻറെ പങ്കാളികൾ തുടങ്ങിയവരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. എഐയുമായി ബന്ധപ്പെട്ട സെഷനുകൾ, പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ, ഡെമോകൾ, ആക്ടിവേഷനുകൾ, വ്യവസായ വിദഗ്ധരുമായുള്ള കൂടിക്കാഴ്ച എന്നിവ കോൺക്ലേവിൽ നടക്കും. എഐ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്ന സംവിധാനങ്ങളും വിവിധ എഐ അധിഷ്ഠിത കമ്പനികളുടെ സാങ്കേതിക പ്രദർശനവും ഒരുക്കിയിട്ടുണ്ട്.




# സൊണാറ്റ പുതിയ ഐഡൻറിറ്റിയും ഉൽപ്പന്ന നിരയും അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന വാച്ച് ബ്രാൻഡായ ടൈറ്റൻ കമ്പനിയിൽ നിന്നുള്ള സൊണാറ്റ പുതിയ ഐഡൻറിറ്റിയും ഉത്പന്ന നിരയും അവതരിപ്പിച്ചു. യുവ പ്രൊഫഷണലുകൾ ഉൾപ്പെടുന്ന വിഭാഗത്തെ ആകർഷിക്കുക എന്ന ലക്ഷ്യവുമായി ആധുനീക കാഴ്ചപ്പാടോടെയുള്ള ഡിസൈനുകളാണ് പുതിയ ഐഡൻറിറ്റിയുടെ ഭാഗമായി അവതരിപ്പിച്ചിരിക്കുന്നത്. നേർത്തതും സമകാലീനവുമായ രൂപത്തിലൂടെ സൊണാറ്റ ബ്രാൻഡിൻറെ ആകർഷണീയത വർധിപ്പിക്കാനാണ് ശ്രമിക്കുന്നത്.സമകാലീന രൂപകല്പനയിലുള്ള തിളങ്ങുന്ന വർണ്ണങ്ങളോടുകൂടിയ 42 ശൈലികളിലുള്ള പുതിയ വാച്ചുകളുടെ ശേഖരമാണ് സൊണാറ്റ അവതരിപ്പിക്കുന്നത്. 1725 രൂപ മുതലാണ് അത്യാധുനിക ഡയലുകളും  പരിഷ്കരിച്ച വിശദാംശങ്ങളോടും കൂടിയ ഈ വാച്ചുകളുടെ വില ആരംഭിക്കുന്നത്. എല്ലാ ടൈറ്റൻ വേൾഡ് സ്റ്റോറുകളിലും ജനറൽ ട്രേഡുകളിലും അംഗീകൃത ഡീലർമാരിലും പ്രമുഖ ഇകോമേഴ്സ് പോർട്ടലുകളിലും ഠഠഠ.ീിമമേംമരേ വലമ.ശി.ലും പുതിയ സൊണാറ്റ വാച്ചുകൾ ലഭിക്കും.സൊണാറ്റയുടെ പുതിയ ഇമേജ് അവതരിപ്പിക്കുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്ന് സൊണാറ്റയുടെ ഹെഡ് ഓഫ് ബ്രാൻഡ് പ്രതീക് ഗുപ്ത പറഞ്ഞു. യുവ തലമുറയ്ക്ക് സമയം അറിയാൻ മാത്രമല്ല, അവരുടെ വ്യക്തിഗത സ്റ്റൈൽ ഉയർത്തുന്നതും അവരുടെ യാത്രയുടേയും നേട്ടങ്ങളുടേയും പ്രതീകം അവതരിപ്പിക്കുന്നതും കൂടിയായ ഒന്ന് പ്രദാനം ചെയ്യുകയാണ് തങ്ങളുടെ ലക്ഷ്യം. ഗുണമേൻമയ്ക്കും സ്റ്റൈലിനും അവർ നൽകുന്ന മൂല്യം തങ്ങൾ മനസിലാക്കുന്നു.  തങ്ങളുടെ പുതിയ ഡിസൈനുകൾ ഇതു പ്രതിഫലിപ്പിക്കുന്നവയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# പോലീസ് ഉദ്യോഗസ്ഥർക്ക് റെയിൻകോട്ടുകൾ നൽകി അമൃത ആശുപത്രി

**കൊച്ചി:** മഴക്കാലത്ത് തടസ്സമില്ലാതെ സേവനം നൽകാൻ പൊലീസ് ഉദ്യോഗസ്ഥർക്ക് റെയിൻകോട്ടുകൾ വിതരണം ചെയ്തു. കൊച്ചി അമൃത ആശുപത്രിയും ഐഎംഎ ഇടപ്പള്ളി ബ്രാഞ്ചും സംയുക്തമായാണ് ചേരാനല്ലൂർ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കായി ഉന്നത ഗുണനിലവാരത്തിലുള്ള 40 റെയിൻകോട്ടുകൾ നൽകിയത്.അമൃത സ്കൂൾ ഓഫ് മെഡിക്കൽ സയൻസ് പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെപിയിൽ നിന്നും ചേരാനല്ലൂർ പോലീസ് സ്റ്റേഷൻ അഡീഷണൽ എസ്ഐ സാം ലെസ്ലി റെയിൻ കോട്ടുകൾ ഏറ്റുവാങ്ങി. മഴക്കാലത്ത് പൊലീസ് ഉദ്യോഗസ്ഥർക്ക് അസുഖങ്ങൾ ബാധിക്കാതെ സേവനം ചെയ്യാൻ സാധിക്കുക എന്ന ലക്ഷ്യമാണ് റെയിൻകോട്ടുകൾ നൽകുന്നത് വഴി ലക്ഷ്യം വെയ്ക്കുന്നതെന്ന് ഡോ. ഗിരീഷ് കുമാർ കെപി പറഞ്ഞു.ഐഎംഎ ഇടപ്പള്ളി ബ്രാഞ്ച് പ്രസിഡന്റ് ഡോ. സക്കറിയ പോൾ, ഐഎംഎ സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ. ശബരീഷ്, ഐഎംഎ ഇടപ്പള്ളി ബ്രാഞ്ച് ട്രഷറർ ഡോ. അമൃതരാജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.






സൊസൈറ്റി ടുഡേ
SOCIETY TODAY

## ജോലി ഉപേക്ഷിക്കേണ്ടി വന്ന വനിതകൾക്ക് അവസരമൊരുക്കി ഫെഡറൽ ബാങ്ക്

**കൊച്ചി:** പല കാരണങ്ങളാൽ ജോലി ഉപേക്ഷിക്കേണ്ടി വന്ന വനിതാ പ്രൊഫഷനലുകൾക്കായി ഫെഡറൽ ബാങ്ക് നടത്തിയ റിക്രൂട്ട്മെന്റ് പദ്ധതിക്ക് ഉദ്യോഗാർത്ഥികളിൽ നിന്ന് മികച്ച പ്രതികരണം. വിവാഹം, പ്രസവം തുടങ്ങി വ്യക്തിപരവും അല്ലാത്തതുമായ കാരണങ്ങളാൽ ജോലിയിൽ നിന്ന് ഇടവേള എടുക്കേണ്ടി വന്നവരെ ലക്ഷ്യമിട്ടായിരുന്നു ഈ പദ്ധതി. ജോലിയിൽ നിന്ന് വിട്ട് അഞ്ചുവർഷം തികയാത്ത, ബാങ്കിംഗ് / ഐടി മേഖലകളിൽ നിന്നുള്ള വനിതകൾക്കാണ് നിലവിൽ അവസരം ലഭിച്ചത്.വൈവിധ്യമാർന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു തൊഴിലിടത്തിന് ഫെഡറൽ ബാങ്ക് പ്രതിജ്ഞാബദ്ധമാണ്. കരിയർ ബ്രേക്ക് എടുത്ത വനിതാ പ്രൊഫഷനലുകൾക്ക് പുതിയ അവസരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഫെഡറൽ ബാങ്ക് ഈ ഉദ്യമത്തിന് തുടക്കമിട്ടത്. വനിതകളെ ശാക്തീകരിക്കുന്നതിന് ബാങ്ക് നടപ്പിലാക്കി വരുന്ന വൈവിധ്യമാർന്ന പദ്ധതികളുടെ ഭാഗമാണിതെന്നും ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് എച്ച് ആർ ഓഫീസറുമായ എൻ രാജനാരായണൻ പറഞ്ഞു.

## പുതിയ ലാവാ ബ്ലേസ് എക്സ് അവതരിപ്പിച്ചു



**കൊച്ചി** : മുൻനിര ഹോം ഗ്രൗൺ സ്മാർട്ട് ഫോണുകളുടെയും വെയറബിളുകളുടെയും ബ്രാൻഡായ ലാവ ഇന്റർനാഷണൽ ലിമിറ്റഡ്, , അതിന്റെ ഏറ്റവും പുതിയ ഓഫറായ ലാവ ബ്ലേസ് എക്സിന്റെ സമാരംഭത്തോടെ ബ്ലേസ് സീരീസിന്റെ വിപുലീകരണം പ്രഖ്യാപിച്ചു. സ്മാർട്ട്ഫോൺ സെഗ്മെന്റിൽ പുതിയ ബെഞ്ച്മാർക്കുകൾ സജ്ജീകരിച്ചുകൊണ്ട്, സെഗ്മെന്റിന്റെ ആദ്യത്തെ കർവ്ഡ് അമോലെഡ് ഡിസ്പ്ലേയുമായാണ് ബ്ലേസ് എക്സ് വരുന്നത്. സ്റ്റാർലൈറ്റ് പർപ്പിൾ, ടൈറ്റാനിയം ഗ്രേ എന്നീ രണ്ട് നിറങ്ങളിൽ പുതിയ ബ്ലേസ് എക്സ് വരുന്നു. ജൂലൈ 20 മുതൽ ലാവ ഇസ്റ്റോറിലും ആമസോണിലും ഇത് ലഭ്യമാകും. ലാവ ബ്ലേസ് എക്സ് 14,999 രൂപ മുതൽ ആരംഭിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## മ്യൂച്ചൽ ഫണ്ട് നിക്ഷേപം: ഓൺലൈൻ വായ്പയുമായി എസ്ബിഐ

**കൊച്ചി:** എസ്ബിഐയുടെ ഇൻറർനെറ്റ് ബാങ്കിങ്ങിലൂടേയും യോനോ ആപ്പിലൂടേയും മ്യൂച്ചൽ ഫണ്ട് യൂണിറ്റ് നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിലെ ഓൺലൈൻ വായ്പ സൗകര്യം ലഭ്യമാക്കി. ഉപഭോക്താക്കൾക്ക് വീട്ടിലിരുന്ന് 100 ശതമാനം കടലാസ് രഹിതമായി ഏതു സമയത്തും ഡിജിറ്റലായി ഈ വായ്പകൾ നേടാനാവും. കാംസിൽ രജിസ്റ്റർ ചെയ്ത എല്ലാ അസറ്റ് മാനേജ്മെൻറ് കമ്പനികളുടേയും മ്യൂച്ചൽ ഫണ്ട് യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ ആകർഷകമായ പലിശ നിരക്കിൽ പുതിയ വായ്പ സൗകര്യം പ്രയോജനപ്പെടുത്താം. മുൻപ് ശാഖകൾ സന്ദർശിച്ചും എസ്ബിഐ മ്യൂച്ചൽ ഫണ്ടുകളുടെ ഈടിൻമേലും മാത്രം വായ്പ ലഭിച്ചിരുന്ന സ്ഥിതിയാണ് ഇതോടെ മാറുന്നത്.അടിയന്തര ആവശ്യങ്ങൾ വരുമ്പോൾ മ്യൂച്ചൽ ഫണ്ട് യൂണിറ്റുകൾ റിഡീം ചെയ്യുന്ന സ്ഥിതി ഒഴിവാക്കാൻ പുതിയ സൗകര്യങ്ങൾ സഹായിക്കുമെന്നും അത്യാധുനിക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഡിജിറ്റൽ ബാങ്കിങ് അനുഭവങ്ങൾ ലഭ്യമാക്കാൻ എസ്ബിഐ സ്ഥിരമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണെന്നും എസ്ബിഐ ചെയർമാൻ ദിനേഷ് ഖാര പറഞ്ഞു. പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടെ മ്യൂച്ചൽ ഫണ്ട് സ്കീമുകളുടെ അടിസ്ഥാനത്തിൽ സമ്പൂർണ ഡിജിറ്റൽ വായ്പകൾ നൽകുന്ന ആദ്യ പൊതുമേഖലാ ബാങ്കായി എസ്ബിഐ മാറിയിരിക്കുകയാണ്.



## 100% പുനരുപയോഗ ഊർജ്ജ ലക്ഷ്യം കൈവരിച്ച് ആമസോൺ

**കൊച്ചി:** 2019ൽ ആരംഭിച്ച് 2030ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പുനരുപയോഗ ഊർജ്ജലക്ഷ്യം ഏഴു വർഷം മുൻപേ കൈവരിച്ച് ആമസോൺ. ലോകവ്യാപകമായ ആമസോണിൻറെ ഡാറ്റാ സെൻററുകൾ, കോർപ്പറേറ്റ് കെട്ടിടങ്ങൾ, പലചരക്ക് കടകൾ, ഫുൾഫിൽമെൻറ് സെൻററുകൾ എന്നിവിടങ്ങളിലെ പുനരുപയോഗ ഊർജ്ജലക്ഷ്യമാണ് ഏഴുവർഷം മുൻപേ കൈവരിച്ചതായി ആമസോൺ പ്രഖ്യാപിച്ചത്. ബ്ലൂംബെർഗ് ന്യൂ എനർജി ഫിനാൻസ് പറയുന്നതനുസരിച്ച് നാല് വർഷത്തേക്ക് (2020 മുതൽ) ലോകത്തിലെ ഏറ്റവും വലിയ പുനരുപയോഗ ഊർജ്ജം വാങ്ങുന്ന കമ്പനിയായി ആമസോൺ മാറി. ആഗോളതലത്തിൽ 500ലധികം സോളാർ, കാറ്റാടി പദ്ധതികളിൽ ബില്യൺ കണക്കിന് ഡോളറും ആമസോൺ നിക്ഷേപിച്ചിട്ടുണ്ട്.2019 മുതൽ 27 രാജ്യങ്ങളിൽ ആമസോൺ പുനരുപയോഗ ഊർജ്ജ പദ്ധതികൾ പ്രാപ്തമാക്കിയിട്ടുണ്ട്. ഇന്ത്യ, ഗ്രീസ്, ദക്ഷിണാഫ്രിക്ക, ജപ്പാൻ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽ യൂട്ടിലിറ്റി സ്കെയിൽ പുനരുപയോഗിക്കാവുന്ന ഊർജ്ജ പദ്ധതികൾ പ്രാപ്തമാക്കിയ ആദ്യത്തെ കോർപ്പറേഷനും ആമസോൺ തന്നെയാണ്. എല്ലാ പദ്ധതികളും പ്രവർത്തനക്ഷമമായാൽ ആമസോണിൻറെ പുനരുപയോഗ ഊർജ്ജ പോർട്ട്ഫോളിയോ വഴി പ്രതിവർഷം 27.8 ദശലക്ഷം ടൺ കാർബൺ ഒഴിവാക്കാൻ സഹായിക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു.ഇന്ത്യ, ചൈന, ഇന്തോനേഷ്യ, ജപ്പാൻ, ന്യൂസിലാൻഡ്, സിംഗപ്പൂർ, ദക്ഷിണ കൊറിയ എന്നിവിടങ്ങളിലെ പദ്ധതികൾ ഉൾപ്പെടെ ഏഷ്യ പസഫിക് മേഖലയിലുടനീളം 80ലധികം പുനരുപയോഗ ഊർജ്ജ പദ്ധതികൾ ആമസോൺ ഇന്നുവരെ പ്രാപ്തമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഇതുവരെ 50 കാറ്റാടി, സൗരോർജ്ജ പദ്ധതികളിൽ ആമസോൺ നിക്ഷേപം നടത്തിയിട്ടുണ്ട്. ബ്ലൂംബെർഗ് ന്യൂ എനർജി ഫിനാൻസിൻറെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ പുനരുപയോഗിക്കാവുന്ന ഊർജ്ജത്തിൻറെ ഏറ്റവും വലിയ കോർപ്പറേറ്റ് ഉപഭോക്താവ് കൂടിയാണ് ആമസോൺ.



## കാറുകളുടെ വിൽപ്പനയിൽ ഇടിവെന്ന് റിപ്പോർട്ട്

**കൊച്ചി:** കാറുകളുടെ വിൽപ്പനയിൽ ജൂണിൽ ഒമ്പത് ശതമാനം ഇടിവുണ്ടായി. പെട്രോൾ, ഡീസൽ ഉപഭോഗവും അഞ്ച് ശതമാനം കുറഞ്ഞതായി ഓട്ടോമൊബൈൽ, ലോജിസ്റ്റിക്സ് രംഗത്തെ ചലനങ്ങൾ വിശകലനം ചെയ്യുന്ന ശ്രീറാം മൊബിലിറ്റി ബുള്ളറ്റിൻ വ്യക്തമാക്കുന്നു. ഖാരിഫ് സീസൺ വിളവെടുപ്പിനോട് അടുക്കുന്നതോടെ കാർഷിക, വാണിജ്യ വാഹനങ്ങളുടെ വിൽപ്പനയിൽ ഉണർവുണ്ടാകുമെന്നും ശ്രീറാം ഫിനാൻസ് ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടിൽ പറയുന്നു. യൂസ്ഡ് വാണിജ്യ ട്രക്കുകളുടെ വിൽപ്പനയിൽ വർധനയുണ്ട്. 7.5 മുതൽ 16 ടൺ വരെ ശേഷിയുള്ള യൂസ്ഡ് ട്രക്കുകളുടെ വിൽപ്പന വാർഷികാടിസ്ഥാനത്തിൽ ഏഴ് ശതമാനം വർധിച്ചപ്പോൾ 3136 ടൺ ശേഷിയുള്ള ട്രക്കുകളുടെ വിൽപ്പന 43 ശതമാനമായി കുത്തനെ ഉയർന്നിട്ടുണ്ട്. മുംബൈ കൊൽക്കത്തമുംബൈ റൂട്ടിൽ ട്രക്ക് റെന്റൽ 2.6 ശതമാനം കുറഞ്ഞപ്പോൾ കൊൽക്കത്തഗുവാഹത്തി കൊൽക്കത്ത റൂട്ടിൽ ഇത് 4.1 ശതമാനം വർധിച്ചു.

ജൂണിൽ പെട്രോൾ, ഡീസൽ ഉപഭോഗത്തിലും അഞ്ച് ശതമാനം കുറവ് രേഖപ്പെടുത്തി. അതേസമയം വാർഷികാടിസ്ഥാനത്തിൽ പെട്രോൾ ഉപഭോഗം നാല് ശതമാനവും ഡീസൽ ഉപഭോഗം ഒരു ശതമാനവും വർധിച്ചിട്ടുണ്ട്. ഫാസ്ടാഗ് ടോൾ കളക്ഷൻ ഇടപാടുകളിൽ രണ്ടു ശതമാനവും മൂല്യത്തിൽ ഏഴ് ശതമാനവും വാർഷിക വർധന രേഖപ്പെടുത്തി.പുതിയ സർക്കാർ അധികാരമേറ്റതിന്റേയും മൺസൂൺ ശക്തിപ്പെടുമെന്ന പ്രതീക്ഷയുടേയും പശ്ചാത്തലത്തിൽ സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ കരുത്ത് പകരാൻ നയപരമായ നടപടികളുണ്ടാകുമെന്ന ശുഭാപ്തിവിശ്വാസത്തിലാണ് ബിസിനസ് രംഗം. റോഡ് ഗതാഗതം, വാഹന വിൽപ്പന തുടങ്ങിയ രംഗങ്ങളിലുള്ള മാന്ദ്യം താൽക്കാലികമാണെന്ന് ശ്രീറാം ഫിനാൻസ് ലിമിറ്റഡ് എംഡിയും സിഇഒയുമായ വൈ.എസ്. ചക്രവർത്തി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



ബിനു ജോൺ, എസ് പ്രശാന്തൻ, ഐ സി ഐവർ

# സിസിഒ എ: ബിനുജോൺ പ്രസിഡന്റ്, എസ് പ്രശാന്തൻ ജനറൽ സെക്രട്ടറി

**കൊച്ചി:** കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ) സംസ്ഥാന പ്രസിഡന്റായി ബിനു ജോണിനെയും ജനറൽ സെക്രട്ടറിയായി എസ് പ്രശാന്തനെയും ട്രഷറർ ആയി ഐ സി ഐവറിനെയും വീണ്ടും തിരഞ്ഞെടുത്തു. എറണാകുളം ബോൾ ഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിലാണ് മൂവരെയും ഐക കണ്ഠേന തിരഞ്ഞെടുത്തത്.

സർക്കാരിന്റെ പ്രധാന വരുമാന സ്രോതസുകളിൽ പ്രധാന പങ്കു വഹിക്കുന്ന മോട്ടോർ വ്യവസായ മേഖലയുടെ നിലനിൽപ്പിനും പുരോഗതിയ്ക്കും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമ്മേളനം പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. അശാസ്ത്രീയമായ നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നത് ഈ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കും. നിയമങ്ങൾ നടപ്പിലാക്കുന്നതിനു മുമ്പായി കോൺട്രാക്ട് കാര്യേജ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ (സിസിഒഎ)അടക്കമുള്ള സംഘടനകളുമായി ചർച്ച ചെയ്യണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

സെമിനാറുകൾ, ഓട്ടോമൊബൈൽ എക്സിബിഷൻ ഉൾപ്പെടെ വിവിധ പരിപാടികളോടെ മൂന്നു ദിവസമായി നടന്ന സമ്മേളനം ഇന്നലെ രാവിലെ മുതൽ നടന്ന പ്രതിനിധി സമ്മേളനത്തോടെയും ഭാരവാഹികളുടെ തിരഞ്ഞെടുപ്പോടെയുമാണ് സമാപിച്ചത്

# ജെൻ എഐയിൽ അത്ഭുതങ്ങളുമായി ഉദയ് ശങ്കർ



**കൊച്ചി:** തമ്മനം സ്വദേശിയായ പതിനഞ്ചുകാരൻ ഉദയ് ശങ്കറിന് നിർമ്മിതബുദ്ധിയിൽ ആദ്യ പേറ്റൻറുൾപ്പെടെയുള്ള നേട്ടങ്ങൾ സ്വന്തമാക്കാൻ തൻറെ അച്ഛമ്മയ്ക്ക് ചെയ്ത ഒരു ഫോൺകോളാണ് കാരണമായത്. കുട്ടി ഫോൺ ചെയ്തപ്പോൾ എന്തോ തിരക്കിലായിരുന്ന അച്ഛമ്മ പിന്നെ വിളിക്കാമെന്ന് പറഞ്ഞു. എന്നാൽ നിർമ്മിതബുദ്ധി കൊണ്ട് അച്ഛമ്മയെ സൃഷ്ടിച്ച് തന്നെ സംസാരിക്കാമെന്ന് ഉദയ് ശങ്കറും തീരുമാനിച്ചു. ഉറവ് അഡ്വാൻസ്ഡ് ലേണിംഗ് സിസ്റ്റംസ് എന്ന സ്റ്റാർട്ടപ്പ് ഈ കുട്ടി തുടങ്ങുന്നത് ഇങ്ങനെയാണ്. വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ഭാഷിണി എന്ന ആപിനാണ് ഉദയിന് ഇന്ത്യാ പേറ്റൻറ് ലഭിച്ചത്.കുട്ടിയായിരിക്കുമ്പോഴേ ഉദയ് ശങ്കറിന് ടെക്നോളജിയിലാണ് താത്പര്യം. അതിനാൽ തന്നെ എട്ടാം ക്ലാസിൽ പരമ്പരാഗത സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിച്ച് ഓപ്പൺ സ്കൂൾ വിദ്യാഭ്യാസത്തിലേക്കെത്തി.

വീട്ടിലെ ഓഫീസിലിരുന്ന് ഈ കുട്ടി സൃഷ്ടിക്കുന്നത് അത്ഭുതങ്ങളാണ്. മൾട്ടിടോക്ക് അവതാർ എഐ സ്യൂട്ട് ഉപയോഗിച്ചുള്ള ക്ലിൻഅൽക്ക കൊണ്ട് ഏതു ഭാഷക്കാർക്കും മറ്റ് ഭാഷക്കാരുമായി സംസാരിക്കാം. വിമാനത്താവളങ്ങൾ പോലുള്ള പൊതുസ്ഥലങ്ങളിലാണ് ഇത് ഏറ്റവും ഗുണകരമാകുന്നതെന്ന് ഉദയ് പറഞ്ഞു. പകർച്ചവ്യാധികൾ പെട്ടെന്ന് കണ്ടെത്താനും അതിൻറെ പരിഹാരം ഉടനെ തന്നെ താഴെത്തട്ടിലേക്കെത്തിക്കാനും ഇതിലൂടെ കഴിയും. ഇതിനു പുറമെ അന്ധർക്ക് പൊതുസ്ഥലങ്ങൾ ഉപയോഗിക്കുന്നതിന് പറ്റുന്ന ആപ്പും ഉദയ് നിർമ്മിച്ചിട്ടുണ്ട്. തികച്ചും സൗജന്യമായാണ് ഈ ആപ്പിൻറെ സേവനം.ഏതൊരു ഫോട്ടോയിൽ നിന്നും നിർമ്മിതബുദ്ധി ഉപയോഗിച്ച് ഡിജിറ്റൽ ത്രിഡിരൂപം ഉണ്ടാക്കിയെടുക്കാൻ മൾട്ടിടോക്ക് അവതാറിലൂടെ സാധിക്കും. ആപ് ഡൗൺലോഡ് ചെയ്താൽ ഇഷ്ടമുള്ളയാളുടെ രൂപത്തിൽ എഐ ടോക്ക്ബോട്ടുമായി സംസാരിക്കാനാകും.ഡോ. രവികുമാറിൻറെയും ശ്രീകുമാരി വിദ്യാധരൻറെയും മകനാണ് ഉദയ് ശങ്കർ. വീട്ടിൽ പണിക്കെത്തുന്ന ബംഗാളികളുമായി സംസാരിക്കാൻ അച്ഛനും ഉദയ് ഒരു ആപ് ഉണ്ടാക്കി നൽകിയിട്ടുണ്ട്.േ കൂടുതൽ പേറ്റൻറിനായുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.ത്രിഡിഫോർഓൾ, എഫ്എഐനാൻസ, എആർമിനിഗോൾഫ്, ഫാംസിം, ബോക്സ്ഫുൾവിആർ, മെഡ്അൽക്ക, മിസ് വാണി എഐ ടീച്ചർ, അഡ്വൈസ, ഹായ്ഫ്രണ്ട്, ഖോണോത്ധാവിഎസ് ദി വൈറസ് വിആർ, കോഡ് ഭാഷ, ഡോ.ഖോണോത്ധാവിഎസ് ദി വൈറസ് വിആർ, പോർട്ടബിൾ ഇൻറർപ്രെട്ടർ, വ്യോവോയിസ് യുവർ ഒപീനിയൻ എന്നിങ്ങനെ 15 ആപ്പുകൾ ഉദയ് ഇതിനകം നിർമ്മിച്ചിട്ടുണ്ട്. 4500 ഓളം പ്രതിനിധികൾ പങ്കെടുക്കുന്ന ദ്വിദിന കോൺക്ലേവ് വെള്ളിയാഴ്ച സമാപിക്കും.



# നിർമ്മിതബുദ്ധി കേന്ദ്രം; എഡിൻബറോ സർവകലാശാലയും കേരള ഡിജിറ്റൽ സർവകലാശാലയും കരാറൊപ്പിട്ടു

**കൊച്ചി:** കേരള ഡിജിറ്റൽ സർവകലാശാലയിൽ നിർമ്മിത ബുദ്ധി കേന്ദ്രം സ്ഥാപിക്കാൻ യു കെയിലെ എഡിൻബറോ സർവകലാശാലയിലെ അലൻ ടൂറിംഗ് ഇൻസ്റ്റിറ്റ്യൂട്ടും കേരള ഡിജിറ്റൽ സർവകലാശാലയുടെ ഡിജിറ്റൽ സയൻസ് പാർക്കും തമ്മിൽ കരാറൊപ്പിട്ടു. നിർമ്മിത ബുദ്ധി, ഹാർഡ് വെയർ, റോബോട്ടിക്സ്, ജെൻ എഐ എന്നീ മേഖലയിൽ ഗവേഷണങ്ങൾക്ക് അതീവ പ്രാധാന്യമാണ് ഇതോടെ കൈവരുന്നത്.കൊച്ചിയിൽ കെഎസ്ഐഡിസി സംഘടിപ്പിക്കുന്ന ജെൻ എഐ കോൺക്ലേവിൽ വ്യവസായനിയമ കയർ വകുപ്പ് മന്ത്രി പി രാജീവിൻറെ സാന്നിദ്ധ്യത്തിലാണ് ഡിജിറ്റൽ സർവകലാശാല ഡീൻ അലക്സ് ജെയിംസ്, ദി അലൻ ടൂറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ ഫോർ റോബോട്ടിക്സ് ആൻഡ് എഐ പ്രൊഫ. സേതു വിജയകുമാർ എന്നിവർ ധാരണാപത്രം കൈമാറിയത്.വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ്, എഡിൻബറോ സർവകലാശാല റീജ്യണൽ ഡയറക്ടർ ഡോ. അതുല്യ അരവിന്ദ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.എഐ ചിപ്പുകൾ, ഹാർഡ് വെയർ എന്നിവയുടെ വികസനത്തിൽ ഡിജിറ്റൽ സർവകലാശാലയുടെ പ്രവർത്തനങ്ങൾക്ക് സഹകരണം ശക്തിപകരും. നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നീ മേഖലയിലെ എല്ലാ പുത്തൻ പ്രവണതകളും ഉടൻ തന്നെ ഡിജിറ്റൽ സർവകലാശാലയിലും എത്താൻ ഇതുപകരിക്കും.ഭാവിയിൽ വരാൻ പോകുന്ന എല്ലാ പ്രശ്നങ്ങൾക്കും ജെനറേറ്റീവ് എഐയും റോബോട്ടിക്സും പരിഹാരമാകുമെന്ന പൊതുധാരണ ശരിയല്ലെന്ന് പ്രൊഫ. സേതു വിജയകുമാർ ചൂണ്ടിക്കാട്ടി. എന്നാൽ ഭാവിയുടെ സാങ്കേതികവിദ്യയെ നിസ്സാരമായി കാണാനുമാവില്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന സമൂഹസാമ്പത്തികവ്യവസ്ഥ സൃഷ്ടിക്കാൻ റോബോട്ടിക്സിന് ഏറെ സംഭാവനകൾ നൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു. ജെൻ എഐ കോൺക്ലേവിൽ എഐ റോബോട്ടിക്സ് ആൻഡ് ആപ്ലിക്കേഷൻസ് എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടുത്തിടെ ജപ്പാനിൽ റോബോട്ടുകൾ മാത്രം ജോലി ചെയ്യുന്ന റസ്റ്ററൻറ് അദ്ദേഹം ഉദാഹരണമായി എടുത്തു പറഞ്ഞു.

അവിടെ സേവനങ്ങൾ മാത്രമാണ് റോബോട്ടുകൾ ചെയ്യുന്നത്. പക്ഷെ സേവനങ്ങൾക്കായി റോബോട്ടുകളെ നിയന്ത്രിക്കുന്നത് ജപ്പാനിലെ വിവിധ നഗരങ്ങളിൽ താമസിക്കുന്ന ശയ്യാവലംബിതരായ വ്യക്തികളാണ്. സമൂഹത്തിൽ നിന്ന് മാറി നിൽക്കേണ്ടി വരുന്നവരെക്കൂടി മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

റോബോട്ടിക്സ് എല്ലാം തികഞ്ഞതാണെന്ന ധാരണയും ശരിയല്ല. അതിനുള്ള ന്യൂനതകളെക്കുറിച്ച് ഉപഭോക്താക്കൾക്കും പൊതുസമൂഹത്തിനും വേണ്ട അവബോധം നൽകാനാകണം.

ആണവ സ്ഥാപനങ്ങളുടെ ഡികമ്മീഷനിംഗ്, ദുരന്തമേഖലകൾ, ബഹിരാകാശ യാത്രകൾ, വ്യോമയാനം, ഹെൽത്ത് കെയർ തുടങ്ങിയ രംഗങ്ങളിൽ റോബോട്ടിക്സിനുള്ള സാധ്യതകൾ കഴിയുന്നതും ഉപയോഗപ്പെടുത്താനാണ് ഇപ്പോൾ ശ്രമം നടക്കുന്നത്. വിവിധ ലോകോത്തര സ്ഥാപനങ്ങളിൽ ഇതിനായുള്ള ഗവേഷണങ്ങളും പരിശ്രമങ്ങളും നടന്നു വരികയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വിവിധ സാങ്കേതിക മേഖലകളിലെ വിദഗ്ധരും വിദ്യാർഥികളും ഉൾപ്പെടെ 4500 പ്രതിനിധികളാണ് രജിസ്റ്റർ ചെയ്ത് നേരിട്ടും ഓൺലൈനായും സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ദ്വിദിന ജെൻ എഐ കോൺക്ലേവ് വെള്ളിയാഴ്ച സമാപിക്കും.

# ഉപഭോക്താക്കളുടെ എണ്ണത്തിൽ നേട്ടം കൈവരിച്ചതായി പങ്കജകസ്തൂരി


**തിരുവനന്തപുരം:** കേരളം ആസ്ഥാനമായുള്ള മുൻനിര ഇന്ത്യൻ ആയുർവേദിക് കമ്പനിയായ പങ്കജകസ്തൂരി ഹെർബൽസ്, തങ്ങളുടെ പ്രധാന ഉത്പന്നമായ ബ്രീത്ത് ഈസി ഗ്രാന്യൂൾസിന് ഒരു കോടി ഉപഭോക്താക്കളെന്ന സുപ്രധാന നേട്ടം കൈവരിച്ചതായി പങ്കജകസ്തൂരി ഹെർബൽസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജെ ഹരീന്ദ്രൻ നായർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.വിപുലമായ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ 17ലധികം ഔഷധസസ്യങ്ങളും പ്രകൃതിദത്ത ചേരുവകളും ഉപയോഗിച്ച് തയ്യാറാക്കിയ ബ്രീത്ത് ഈസി ഗ്രാന്യൂളുകൾ, ശ്വാസനാളത്തെ വികസിപ്പിക്കുന്നതിനും, ശ്വസന പ്രക്രിയ സുഗമമാക്കുന്നതിനുമായി സവിശേഷമായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്. കഠിനമായ ശ്വാസകോശ സംബന്ധ പ്രയാസങ്ങളാൽ ബുദ്ധിമുട്ടിയിരുന്ന രോഗികൾക്ക് ഒരു പരിഹാരമെന്ന നിലയിലാണ് ഈ ഉത്പന്നത്തിലേക്കുള്ള യാത്ര ആരംഭിച്ചത്. ബ്രീത്ത് ഈസിക്ക് ഒരു കോടി ഉപഭോക്താക്കളെ നേടാനായത് അതിന്റെ ഫലപ്രാപ്തിയെയും ഞങ്ങളുടെ ഉത്പന്നത്തിൽ ഉപഭോക്താക്കൾ അർപ്പിച്ച വിശ്വാസത്തെയും വ്യക്തമാക്കുന്നുവെന്നും ഡോ. ജെ ഹരീന്ദ്രൻ നായർ പറഞ്ഞു.




പങ്കജകസ്തൂരി എന്ന പേരിൽ ആരംഭിച്ച ഈ ഉത്പന്നം പിന്നീട് ബ്രീത്ത് ഈസി ഗ്രാന്യൂൾസ് എന്ന് പുനർനാമകരണം ചെയ്യപ്പെടുകയായിരുന്നു. തിരുവനന്തപുരത്ത് കാട്ടാക്കടയിൽ സ്ഥിതിചെയ്യുന്ന ഞങ്ങളുടെ നിർമ്മാണ കേന്ദ്രം ലോകാരോഗ്യ സംഘടനയുടെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് (ജി.എം.പി) നിലവാരത്തിലേക്ക് അപ്ഗ്രേഡ് ചെയ്യുകയാണ്.

നിലവിൽ പങ്കജകസ്തൂരി ഗ്രൂപ്പിൽ 1600 ജീവനക്കാർ ജോലി ചെയ്യുന്നു. ഇതിൽ എഴുപത് ശതമാനത്തോളവും വനിതാ ജീവനക്കാരാണെന്നും ഡോ. ജെ ഹരീന്ദ്രൻ നായർ കൂട്ടിച്ചേർത്തു.

# ചാന്ദ്രയാൻ ദൗത്യം വിജയിച്ചത് ഇന്ത്യയുടെ ധീര പരിശ്രമം കൊണ്ട്: നാസ ബഹിരാകാശ സഞ്ചാരി സ്റ്റീവ് സ്മിത്ത്



**കൊച്ചി:** റഷ്യ, ജപ്പാൻ, യുഎസ് തുടങ്ങിയ രാജ്യങ്ങളെ മറികടന്ന് ചാന്ദ്രയാൻ ദൗത്യം വിജയിച്ചതിനു പിന്നിൽ ഇന്ത്യയുടെ ധീരമായ ശ്രമങ്ങളും അക്ഷീണമായ ചിന്താഗതിയുമാണെന്ന് മുൻ നാസ ബഹിരാകാശ സഞ്ചാരിയും സാങ്കേതിക വിദഗ്ധനുമായ സ്റ്റീവ് ലീ സ്മിത്ത്. ദ്വിദിന രാജ്യാന്തര ജെനറേറ്റീവ് എഐ കോൺക്ലേവിൽ 'ബഹിരാകാശ സഞ്ചാരിയായുള്ള അനുഭവപാഠങ്ങൾ' എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഐബിഎമ്മുമായി ചേർന്നാണ് കൊച്ചിയിൽ എഐ കോൺക്ലേവ് സംഘടിപ്പിച്ചിട്ടുള്ളത്.ചന്ദ്രൻറെ ദക്ഷിണധ്രുവ മേഖലയിൽ ബഹിരാകാശ പേടകം വിജയകരമായി ഇറക്കിയ ആദ്യ രാജ്യമായി ഇന്ത്യ മാറിയ കഴിഞ്ഞ വർഷത്തെ ചാന്ദ്രയാൻ 3 ദൗത്യത്തെ പരാമർശിച്ചാണ് സ്റ്റീവ് സ്മിത്ത് ഇക്കാര്യം പറഞ്ഞത്. ബഹിരാകാശ രംഗത്ത് കൈവരിച്ച പുരോഗതിയിൽ ഇന്ത്യക്ക് അഭിമാനിക്കാമെന്നും ബഹിരാകാശ പദ്ധതിയെ കരുത്തോടെയും ധീരതയോടെയും മുന്നോട്ട് കൊണ്ടുപോകാൻ ഇന്ത്യക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

നാസയ്ക്കു വേണ്ടി നാല് തവണയായി 16 ദശലക്ഷം മൈൽ ആണ് സ്റ്റീവ് സ്മിത്ത് ബഹിരാകാശത്ത് സഞ്ചരിച്ചിട്ടുള്ളത്. ഹബിൾ ബഹിരാകാശ ടെലിസ്കോപ്പിൻറെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ ഏഴ് ബഹിരാകാശ നടത്തവും അദ്ദേഹം നടത്തി.

ബഹിരാകാശ യാത്രയ്ക്കായി അപേക്ഷിച്ചപ്പോൾ നാസയിൽ നിന്നും നാല് തവണ നിരസിക്കപ്പെട്ട അനുഭവം സ്റ്റീവ് സ്മിത്ത് പങ്കുവച്ചു. ഓരോ തവണ നിരസിക്കപ്പെടുമ്പോഴും അതിനായി ധീരമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ ലക്ഷ്യത്തിലെത്താൻ സാധിച്ചു. നാസയിലെ ബഹിരാകാശ സഞ്ചാരി എന്ന നിലയിൽ അവിശ്വസനീയമായ യാത്രയായിരുന്നു അത്. ഒരു ബഹിരാകാശ യാത്രികൻറെ തൊഴിലനുഭവം എപ്പോഴും ദൗത്യത്തിൽ അധിഷ്ഠിതമായിരിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യൻ വംശജനായ യുഎസ് ബഹിരാകാശ സഞ്ചാരി കൽപന ചൗളയുമായുള്ള സൗഹൃദവും സ്റ്റീവ് സ്മിത്ത് അനുസ്മരിച്ചു.

എല്ലാ മേഖലയിലും എഐ ചർച്ചചെയ്യപ്പെടുന്ന വേളയാണിതെന്നും എഐയിലൂടെ ജീവിതം ലളിതമാക്കാനും എന്തെല്ലാം കാര്യങ്ങൾക്ക് മുൻഗണന നൽകാനാകുമെന്ന് തീരുമാനിക്കാനുമാകുമെന്ന് സ്റ്റീവ് സ്മിത്ത് ചൂണ്ടിക്കാട്ടി. എഐ മാതൃകകൾ നിർമ്മിക്കുന്നുണ്ടെന്നും മതിയായ വൈദഗ്ധ്യമുള്ള ആളുകളെ പരിശീലിപ്പിക്കുന്നുണ്ടെന്നും സർക്കാർ സംവിധാനം ഉറപ്പാക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഡെവലപ്പർമാർ, ബിസിനസ് പ്രമുഖർ, അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥികൾ, മാധ്യമങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, ഐബിഎം ക്ലയൻറുകൾ, പങ്കാളികൾ എന്നിവരുൾപ്പെടെ പങ്കെടുത്ത സമ്മേളനത്തിൻറെ ആദ്യ ദിനം ശ്രദ്ധ പിടിച്ചുപറ്റി.

# മൈലേജ് ഗ്യാരന്റിയുമായി മഹീന്ദ്ര ട്രക്കുകൾ



**കോഴിക്കോട്:** മഹീന്ദ്ര ഗ്രൂപ്പിന്റെ മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിഷൻ (എംടിബിഡി) കമ്പനിയുടെ ബിഎസ്6 ഒബിഡി 2 ശ്രേണിയിലുള്ള എച്ച്സിവി, എൽസിവി, ഐസിവി ട്രക്കുകളുടെ ബ്ലാസോ എക്സ്, ഫ്യൂരിയോ, ഓപ്റ്റിമോ, ജയോ മോഡലുകൾക്ക് മൈലേജ് ഗ്യാരന്റി പ്രഖ്യാപിച്ചു. കൂടുതൽ മൈലേജ് നേടൂ, അല്ലെങ്കിൽ ട്രക്ക് തിരികെ നൽകൂ എന്ന ആശയത്തിലൂന്നി ഇന്ധന വില വർധനവും പുതിയ മാനദണ്ഡങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ ഉപഭോക്താക്കളെ സഹായിക്കുകയാണ് മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ഡിവിന്റെ ലക്ഷ്യം.ഉയർന്ന മൈലേജ് ഉറപ്പാക്കുന്നതിന് 7.2ലിറ്റർ എംപവർ എഞ്ചിൻ, എംഡിഐ ടെക് എഞ്ചിൻ, ഫ്യൂവൽ സ്മാർട്ട് ടെക്നോളജി, മൈൽഡ് ഇജിആർ, അത്യാധുനിക ഐമാക്സ് ടെലിമാറ്റിക്സ് സൊല്യൂഷൻ തുടങ്ങിയ നിരവധി സാങ്കേതിക സവിശേഷതകൾ ഈ ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മികച്ച ഹൈടെക് വൈദഗ്ധ്യം, ആഴത്തിലുള്ള ധാരണ, ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്ന ഒരു പ്രധാന നീക്കമാണ് ട്രക്ക് ശ്രേണിയിലുടനീളമുള്ള ഗ്യാരന്റിയെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡിന്റെ ട്രക്ക് ആൻഡ് ബസ് ഡിവിഷൻ പ്രസിഡന്റും എയ്റോസ്പേസ് ആൻഡ് ഡിഫൻസ് ബിസിനസ് സിഇയും മഹീന്ദ്ര ഗ്രൂപ്പിന്റെ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ബോർഡ് അംഗവുമായ വിനോദ് സഹായ് പറഞ്ഞു.

# ഗ്യാലക്സി ഇസഡ് ഫോൾഡ് 6, ഇസഡ് ഫ്ളിപ്പ് 6 ഫോണുകൾ പുറത്തിറക്കി സാംസങ്



**കൊച്ചി:** ഐ ഐയുടെ അതിനൂതന സാധ്യതകളുമായി ഗ്യാലക്സി ബഡ്സ് 3, ബഡ്സ് 3 പ്രോ എന്നിവയ്ക്കൊപ്പം ഗ്യാലക്സി ഇസഡ് ഫോൾഡ് 6, ഇസഡ് ഫ്ളിപ്പ് 6 ഫോണുകൾ പുറത്തിറക്കി സാംസങ്.സാംസങിന്റെ നീണ്ടകാലത്തെ നവീകരണ പ്രവർത്തനങ്ങൾ മൊബൈൽ മേഖലയിൽ കരുത്താർന്ന മുന്നേറ്റം നടത്തുന്നതിന് തങ്ങളെ സജ്ജമാക്കിയതായി സാംസങ് ഇലക്ട്രോണിക്സ് മൊബൈൽ എക്സ്പീരിയൻസ് ബിസിനസ് പ്രസിഡന്റും മേധാവിയുമായ ടി എം റോഹ് പറഞ്ഞു. അതിന്റെ ഫലമായി മടക്കാവുന്ന ഫോം ഫാക്ടർ സൃഷ്ടിക്കാനും എഐ യുഗത്തിൽ പുതിയ ചുവട് വയ്പ് നടത്താനും സാധിച്ചു.

ഗ്യാലക്സി ഇസഡ് ഫോൾഡ് 6, ഇസഡ് ഫ്ളിപ്പ് 6 ഫോണുകൾ എന്നിവ ഭാരം കുറഞ്ഞതും ലഘുവും അനായാസേന കൈകാര്യം ചെയ്യാൻ സാധിക്കുന്നവയുമായ ഗ്യാലക്സി ഇസഡ് സീരീസാണ്.

സ്നാപ്പ് ഡ്രാഗൺ 8 ജെൻ 3 മൊബൈൽ പ്ലാറ്റ്ഫോം കൊണ്ടാണ് ഇവ സജ്ജമാക്കിയിരിക്കുന്നത്. ഏറ്റവും പുതുമയാർന്ന സ്നാപ്പ് ഡ്രാഗൺ മൊബൈൽ പ്രോസസർ, മികച്ച ഇൻ ക്ലാസ് സിപിയു,ജിപിയു,എൻപിയു എന്നിവയും സമന്വയിപ്പിച്ചിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663